കേരള സർക്കാർ

# കേരളാസംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## മുതുകുളം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ-എ.എൽ.പി/പി4-1529/2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ് കാര്യാലയം,ആലപ്പുഴ

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ: 0477 2252753

തീയതി: 31.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- മുതുകുളം ഗ്രാമ പഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി4-1529/2015 തിയ്യതി: 31.12.16

# ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.07.2016മുതൽ 31.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.വൈ.സലിം,<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7/12/2016മുതൽ 20/12/2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.ഹരികുമാർ | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീമതി.ദീപാ.കെ.ഗോപാൽ | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ. |
| | ശ്രീ.ഫമിൻ.എസ്.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഡി. സുജാത<br>അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.4.15മുതൽ 31.10.15.വരെ<br>1.11.15 മുതൽ 18.11.15 വരെ |

| | | |
|---|---|---|
| | ശ്രീ.ബി.എസ്. സുജിത്ത് ലാൽ | 19.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീമതി രേഖ ഫെർണാണ്ടസ് | 1.4.15മുതൽ 21.6.15.വരെ,<br>04.1.16മുതൽ 02.02.16വരെ |
| | ശ്രീ.എസ്. വിജയ്<br>ശ്രീ.കെ.നാരായണൻ നായർ | 22.6.15മുതൽ 03.1.16.വരെ<br>03.2.16 മുതൽ 31.3.16 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ. | ശ്രീമതി.പ്രിയ<br>ശ്രീമതി.വൃന്ദ റ്റി.എസ് | 1.4.15മുതൽ 22.2.16.വരെ<br>23.2.16 മുതൽ 31.3.16 വരെ |
| അസി.<br>എഞ്ചിനീയർ. | ശ്രീമതി.സുനിത കുമാരി.എസ് | 1.4.15മുതൽ 18.6.15വരെ |
| | ശ്രീമതി. അഞ്ചു . ആർ | 19.6.15മുതൽ 04.8.15വരെ |
| | ശ്രീമതി.സരിത ഭാർഗ്ഗവൻ | 05.8.15മുതൽ 31.3.16 വരെ |
| വി.ഇ.ഒ<br>(നോർത്ത് സർക്കിൾ) | ശ്രീമതി. ബീന.ആർ.നായർ | 1.4.15 മുതൽ 10.10.15 വരെ |
| | ശ്രീമതി.കെ.കെ.ബിജു | 11.10.15 മുതൽ 17.12.15 വരെ |
| | ശ്രീമതി.രജിത്ത് കമൽ | 18.12.15 മുതൽ 8.2.16 വരെ |
| | ശ്രീമതി.ശ്രുതി.എം. | 9.2.16 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഉഷാ ഗോപാലകൃഷ്ണൻ | 1.4.15 മുതൽ 13.5.15 വരെ |
| | ഡോ.ശ്രീകുമാരി | 13.5.15 മുതൽ 22.8.15 വരെ |
| | ഡോ. ഗീത എസ് ശങ്കർ | 23.8.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ<br>ഓഫീസർ(ആരോഗ്യം) | ഡോ.റ്റി.എം.ശോഭന | 1.4.15 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ് | ശ്രീമതി.റഹമത്ത് ബീവി | 1.4.15 മുതൽ 30.4.15 വരെ |
| | ശ്രീമതി.സി.രാജമ്മ | 1.5.15 മുതൽ 24.6.15 വരെ |
| | ശ്രീ.ശിവദാസ് | 25.6.15 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ. | ശ്രീമതി.എസ്.വാസന്തി | 1.4.15 മുതൽ 31.3.16 വരെ |
| വെറ്ററിനറിസർജൻ | ഡോ.സന്തോഷ് | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1. | പൊതു അവലോകനം | 1-1മുതൽ 1-10വരെ |
| | ഭാഗം 2 | |
| 2. | അനധികൃത നിർമ്മാണം രാജിയാക്കൽ - ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല | 2-1 |
| 3. | ആഡിറ്റ് ഇംപാക്ട്- ആഡിറ്റ് അന്വേഷണത്തെ തുടർന്ന് മൂല്യവർദ്ധിത നികുതിയും തൊഴിൽ നികുതിയും അടച്ചു | 2-2 |
| | ഭാഗം 3 | |
| 4. | ഖരമാലിന്യസംസ്കരണം - പ്രോജക്ട് നിർവ്വഹണത്തിൽ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-1 |
| 5. | സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചു | 3-2 |
| 6. | ഭവനപുനരുദ്ധാരണം (എസ്.സി.) – ഗുണഭോക്താക്കളുടെ അർഹത സാധൂകരിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാതെ ധനസഹായം നൽകി - തുക തടസ്സപ്പെടുത്തുന്നു | 3-3 |
| 7. | കിണർ നിർമ്മാണം - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത | 3-4 |
| 8. | പട്ടികജാതികുട്ടികൾക്ക് പഠനോപകരണവിതരണം - പട്ടികജാതി വികസനഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു | 3-5 |
| 9. | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - വസ്തു വാങ്ങിയതിന്റെ രേഖ | 3-6 |

| | | |
|---|---|---|
| | ഹാജരാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു | |
| 10. | മരാമത്ത് പ്രവൃത്തികളിലെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ - കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി പിഴ ഈടാക്കയില്ല. | 3-7 |
| 11. | ഗ്രാവൽഫില്ലിംഗ് - പവർ റോളർ ഉപയോഗിക്കാതെ പവർ റോളറിന്റെ തുക നൽകി | 3-8 |
| 12. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികളുടെ മേറ്റിനെ നിയമിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 3-9 |
| | ഭാഗം 4 | |
| 13. | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 30.3.2015ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ യഥാക്രമം 99679558, 98740231 രൂപയാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/7/2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 17095535

വരവ് - 32351870

ആകെ - 49447405

ചെലവ് - 37957460

നീക്കിയിരിപ്പ് - 11489945

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് ലഭിച്ചത് | അലോട്ട് മെന്റ് | അലോട്ട് മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയത് | ചെലവ് | നീക്കിയിരിപ്പ് | സർക്കാരി ലേക്ക് തിരിച്ചടച്ച തുക |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1693534 | 4885345 | 7189277 | 1792828 | 8371707 | ---- | 8371707 | ----- | |
| വികസനഫണ്ട് എസ്.സി.പി. | 2234374 | | 3706000 | 4804800 | 7039174 | 1980224 | 5058950 | ----- | |
| വികസനഫണ്ട് ടി.എസ്.പി. | 108061 | | 52000 | 12000 | 120061 | 108061 | 12000 | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 196955 | 530384 | 4164000 | 3094241 | 3821580 | --- | 3821580 | ----- | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1037949 | | 2320000 | 1199523 | 2237472 | 530384 | 1707088 | ----- | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3171238 | | 2960193 | 5682766 | 8854004 | 2797060 | 6056944 | ----- | |
| പെർഫോമൻസ് ഗ്രാന്റ് | ------ | ------ | ------ | ------ | ------ | ------ | ------ | ------ | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 36916578 | 85 | 27104839 | 3 | 26 | 77 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 28.88% കറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി | 3846766 | 2531916 | (-)1314850 | (-)34.1% |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 315437 | 258994 | (-)56443 | (-)17.8% |
| മറ്റുവരവുകൾ | 194974 | 307830 | (+)112856 | 57.88% |
| ആകെ | 4357177 | 3098740 | (-)1258437 | (-)28.88% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 307080 | 180 |
| കർഷകതൊഴിലാളി പെൻഷൻ | 3967950 | 501 |
| വിധവാപെൻഷൻ | 5964960 | 744 |
| വാർദ്ധക്യകാലപെൻഷൻ | 1988520 | 210 |
| വികലാംഗപെൻഷൻ | 2277875 | 257 |
| അവിവാഹിത പെൻഷൻ | 573200 | 66 |
| വിവാഹധനസഹായം | 00 | 00 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15/12/2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 736രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/11/2016 | ഒക്ടോബർ 2016 | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24/12/2013മുതൽ 9/1/2014 വരെ | 1997-98 2002-03 | ലഭ്യമല്ല |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത നിർമ്മാണം രാജിയാക്കൽ - ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 4 പ്രകാരമുള്ള പെർമിറ്റ് എടുക്കാതെ നടത്തുന്ന നിർമ്മാണങ്ങൾ ക്രമീകരിക്കുമ്പോൾ ചട്ടം 137 (3) ലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല.

കെട്ടിടനിർമ്മാണം പൂർത്തിയാക്കി ഒക്കുപ്പൻസിക്ക് അപേക്ഷിക്കുമ്പോൾ മാത്രമാണ് അനധികൃത നിർമ്മാണങ്ങൾ പഞ്ചായത്ത് അറിയുന്നത്. ബിൽ കളക്ടർമാർ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. അനധികൃത നിർമ്മാണങ്ങൾ പൂർത്തിയാക്കി ഒക്കുപ്പൻസിക്കായി അപേക്ഷിക്കുമ്പോൾ കെട്ടിടം ക്രമവത്കരിക്കാനാവശ്യമായ രാജിയാക്കൽ ഫീസ് (ചട്ടം 137 (4)) ഈടാക്കി വസ്തുനികുതി കൂടി നിർണ്ണയിച്ച് ഈടാക്കി

ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്. ക്രമവത്കരിക്കുന്നത് സംബന്ധിച്ച് ചട്ടം 137 (3)ൽ പ്രതിപാദിക്കും പ്രകാരമുള്ള ഉത്തരവ് (അനുബന്ധം ഐ ഫാറത്തിൽ) സെക്രട്ടറി പുറപ്പെടുവിക്കുന്നില്ല. ക്രമീകരിക്കുന്ന നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ (അനുബന്ധം ജെ ഫാറത്തിൽ) സൂക്ഷിക്കുന്നില്ല. വ്യവസ്ഥകൾ പാലിച്ച് മാത്രം അനധികൃത നിർമ്മാണം ക്രമീകരിക്കേണ്ടതാണ്.

## 2-2 ആഡിറ്റ് ഇംപാക്ട് - ആഡിറ്റ് അന്വേഷണത്തെ തുടർന്ന് മൂല്യവർദ്ധിത നികുതിയും തൊഴിൽ നികുതിയും അടച്ചു

ക) ക്വട്ടേഷൻ സ്വീകരിച്ച് നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് പത്ത് പ്രകാരമുള്ള നാല് ശതമാനം മൂല്യവർദ്ധിത നികുതി ഈടാക്കിയില്ല എന്നും ഇത് മൂലം കേരള സർക്കാരിന് 3671 രൂപ നഷ്ടമുണ്ടായതായും കാണിച്ച് 15/12/16 ൽ ആഡിറ്റ് അന്വേഷണം നൽകി (നമ്പർ അഞ്ച്). ഇതേതുടർന്ന് മുഴുവൻ തുകയും 17/12/2016 ൽ പ്രസ്തുത സ്ഥാപനങ്ങൾ അടച്ചു (രസീത് നം. 11601103199, 3201, 3202, 3204മുതൽ 3209).

ഖ) കോർപ്പറേഷൻ ബാങ്ക് മുതുകുളം ശാഖയിലെ എസ്.ഡബ്ല്യു.ഒ എ തസ്തികയിൽ ജോലിചെയ്യുന്ന ശ്രീ ദിലീപ് കുമാർ എക്സ് സർവ്വീസ് മാൻ എന്ന കാരണത്താൽ 2015 രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടത് ചട്ടവിരുദ്ധമാണെന്ന് കാണിച്ചും മുതുകുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് 2015 രണ്ടാം അർദ്ധ വർഷം സ്ഥാപന നികുതി അടക്കാതിരുന്നത് ചൂണ്ടിക്കാണിച്ചും 16/12/16 ൽ ആഡിറ്റ് അന്വേഷണം (നമ്പർ ഒൻപത്) നല്കി. ഇതേതുടർന്ന് കോർപ്പറേഷൻ ബാങ്ക് മുതുകുളം ശാഖാ മാനേജർ 1250 രൂപ തൊഴിൽ നികുതിയും 250രൂപ പിഴപ്പലിശയും ഉൾപ്പടെ 1500 രൂപ 17/12/2016 ൽ രസീത് നം. 11601400001പ്രകാരം അടച്ചു. മുതുകുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് സ്ഥാപന നികുതിയായ 1250രൂപ 125രൂപ പിഴപ്പലിശ സഹിതം (ആകെ 1375രൂപ) 17/12/2016 ൽ (രസീത് നം. 11601103203) അടച്ചു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഖരമാലിന്യസംസ്കരണം - പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നമ്പർ :SO 104/16

അടങ്കൽ :19,12,000

(സംസ്ഥാനാവിഷ്കൃത പരിപാടി -11,83,250

ഗുണഭോക്തൃവിഹിതം - 3,41,650

നിർമ്മൽ പുരസ്കാര വിഹിതം - 3,87,100 )

നിർവ്വഹണം - വി.ഇ.ഒ.

ചെലവ് - 5,72,500/- ചെക്ക് നമ്പർ 052567/21.7.15

സാനിട്ടേഷൻ ഫണ്ട്,

2,07,000/- ചെക്ക് നമ്പർ 4623255/28.3.16

(178675 ഗുണഭോക്തൃവിഹിതം + 28325തനത്ഫണ്ട്)

മാലിന്യസംസ്കരണത്തിനു വേണ്ടി ആവിഷ്ക്കരിച്ച പ്രോജക്ടിലുൾപ്പെടുത്തി 120 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും (120x900 =1,08,000) 0.5$m^3$ ന്റെ 79 ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളും (79x8500 =6,71,500) സ്ഥാപിച്ചിട്ടുണ്ട്. റെയ്ഡ്കോയിൽ നിന്നാണ് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകളും ബയോഗ്യാസ് പ്ലാന്റുകളും വാങ്ങിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ നിർദ്ദേശിക്കും പ്രകാരം ഫണ്ടുകൾ വകയിരുത്തി ചെലവഴിച്ചില്ല

ജി.ഒ.(എം.എസ്.)362/13 തീ.16.11.13 നമ്പർ സബ്സിഡി നിർദ്ദേശ പ്രകാരം പൈപ്പ് കമ്പോസ്റ്റിന് 75% സംസ്ഥാനവിഹിതവും 15% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 10% ഗുണഭോക്താക്കളും വഹിക്കണം. ബയോഗ്യാസ് പ്ലാന്റിന് 50% സംസ്ഥാന വിഹിതവും 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 25% ഗുണഭോക്താക്കളും വഹിക്കണം.

ഇതനുസരിച്ച് പ്രോജക്ടിനായി ചെലവഴിക്കേണ്ട വിവിധ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | സംസ്ഥാന വിഹിതം | തദ്ദേശ സ്ഥാപന വിഹിതം | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|
| | | ചെലവഴിക്കാവുന്നത് | ചെലവഴിക്കാവുന്നത് | ചെലവഴിക്കാവുന്നത് |
| 1. | ബയോഗ്യാസ് പ്ലാന്റ് | 335750 | 167875 | 167875 |
| 2. | പൈപ്പ് കമ്പോസ്റ്റിന് | 81,000 | 16,200 | 10,800 |
| | | 4,16,750 | 1,84,075 | 1,78,675 |

എന്നാൽ സംസ്ഥാന വിഹിതമായി സാനിട്ടേഷൻ ഫണ്ടിൽ നിന്ന് 5,72,500/- രൂപ ചെലവഴിച്ചപ്പോൾ തനത് ഫണ്ടിൽ നിന്ന് 28,325 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. സംസ്ഥാന വിഹിതത്തിൽ നിന്ന് 1,55,750 രൂപ അധികചെലവുണ്ടായി. സർക്കാർ നിർദ്ദേശത്തിൽ നിന്ന് വ്യതിചലിച്ച് തുക ചെലവഴിക്കുക വഴി സംസ്ഥാന സർക്കാരിനുണ്ടായ അധിക ചെലവ് 1,55,750 രൂപ തനത്ഫണ്ടിൽ നിന്ന് തിരിച്ച് സാനിട്ടേഷൻ അക്കൌണ്ടിലേക്ക് നൽകേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 17/20.12.16 മുഖേന വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല).

2. ബയോഗ്യാസ് പ്ലാന്റിനായി സർക്കാർ അംഗീകരിച്ചതിലും കൂടിയ നിരക്കിൽ തുക ചെലവഴിച്ചു

ജി.ഒ.(എം.എസ്.)239/12 തസ്വഭവ തീ.20.9.12 പ്രകാരം പി.വി.സി നിർമ്മിതമായ 0.5m3 വലിപ്പമുള്ള ബയോഗ്യാസ് പ്ലാന്റിന് ചെലവഴിക്കാവുന്നനത് 8,000/-രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരു പ്ലാന്റിന് 8,500 രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ ഭൌതീക പരിശോധനയിലും പി.വി.സി. നിർമ്മിതമായ പ്ലാന്റാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് ബോധ്യമായി. ഇത്തരത്തിൽ അനുവദനീയമായതിലും അധിക നിരക്ക് നൽകുകവഴി 39,500/- രൂപ (79x500) അധിക ചെലവുണ്ടായിട്ടുണ്ട്. ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിശ്ചയിക്കുന്നു. അധിക നിരക്ക് നൽകിയത് സംബന്ധിച്ച് എൻക്വയറി (നം. 16/20.12.16) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-2 സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക വകമാറ്റി ചെലവഴിച്ചു

2015-16 – ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വികസനഫണ്ട് സാധാരണ വിഹിതത്തിന്റെ മുന്നിരിപ്പ് 1693534 രൂപയാണ്. എന്നാൽ എ.സി.ആറിലും വിവിധ ഫണ്ടുകളുടെ നീക്കിയിരുപ്പ് സംബന്ധിച്ച് ധനകാര്യ കമ്മീഷനിൽ സമർപ്പിക്കുന്നതിനുള്ള പ്രൊഫോർമയിലും 1518500 രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം വികസനഫണ്ട് സാധാരണ വിഹിതത്തിന്റെ മുന്നിരിപ്പിലുണ്ടായ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് 16.12.16 ൽ നൽകിയ ഓഡിറ്റ് അന്വേഷണം 4 നുള്ള മറുപടിയിൽ 2013-14 ൽ സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച 1,75,034 രൂപ വി.പി.എഫ്.(11) എ അക്കൌണ്ടിൽ നിക്ഷേപിച്ചുവെങ്കിലും ഈ തുക 2015-16 വരെയും ചെലവഴിച്ചിരുന്നില്ലെന്ന് അറിയിച്ചു. തുടർന്നുണ്ടായ സർക്കാർ ഉത്തരവ് പ്രകാരം കൺസോളിഡേറ്റഡ് ഫണ്ട് സീറോ ബാലൻസ് ആക്കിയാലേ തുടർന്നുള്ള അലോട്ട്മെന്റുകൾ ക്രഡിറ്റ് ചെയ്യുവാൻ സാധിക്കു എന്നിരിക്കെ ഈ തുകകൾ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് (S0058/16), ബിന്ദുഭവനം - സ്റ്റാർ ജംഗ്ഷൻ റോഡ് മെറ്റലിംഗ് & ടാറിംഗ് മൂന്നാം റീച്ച് (S0019/16) എന്നീ പ്രോജക്ടുകളിലെ വികസനഫണ്ട് വിഹിതത്തിൽ ഉൾപ്പെടുത്തി ചെലവഴിച്ചുവെന്ന് അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണത്തിനായി നൽകിയ തുക ഈ ആവശ്യത്തിനായി ഉപയോഗിക്കാതെ വർഷങ്ങളോളം അക്കൌണ്ടിൽ സൂക്ഷിച്ചതും വികസനഫണ്ട് വകയിരുത്തിയ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഉപയോഗിച്ചതും ശരിയായ നടപടിയല്ല. കൂടാതെ സംയുക്ത പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ജി.ഒ.(പി) 187/15/ഫിൻ തീ.19.5.15 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമാണ്. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

(S0058/16), (S0019/16) എന്നീ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവിന്റെ വിശദാംശം |
|---|---|---|

| | | |
|---|---|---|
| | | ബിൽ നമ്പർ |
| 1. | എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് ( S0058/16 ) | 836/16 തീയതി, 30.3.16 -- 515000/- |
| 2. | ബിൽ നമ്പർ<br>ബിന്ദുഭവനം - സ്റ്റാർ ജംഗ്ഷൻ റോഡ് മെറ്റലിംഗ് & ടാറിംഗ് മൂന്നാം റീച്ച് (S0019/16) | 33/29.3.16 -- 476430/-<br>34/29.3.16 -- 123570/-<br>35/29.9.16 -- 123570/- |

## 3-3 ഭവനപുനരുദ്ധാരണം (എസ്.സി.) - ഗുണഭോക്താക്കളുടെ അർഹത സാധൂകരിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാതെ ധനസഹായം നൽകി - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ :S0018/15

നിർവ്വഹണം :വി.ഇ.ഒ.

ചെലവ് - ബിൽ നമ്പർ 9/30.3.16 – 50,000/-

12/30.3.16 – 25,000/-

23/31.3.16 -- 1,00,000/-

30/31.3.16 -- 25,000/-

പ്രോജക്ടിലുൾപ്പെടുത്തി ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം-12 തീയതി - 17.12.16 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ ചുവടെ ചേർത്തിരിക്കുന്ന 8 ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 2,00,000 രൂപ (25000 x 8) തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഗുണഭോക്തവിന്റെ പേര് | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|
| 1. | ഇന്ദിര,മുരിങ്ങയിൽ | ജാതി സർട്ടിഫിക്കറ്റ്, മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന ഓഫീസിൽ നിന്ന് ഭവന പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് |
| 2. | ഭാനുമതി,കന്നേൽ | ജാതി സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന ഓഫീസിൽ നിന്ന് ഭവന പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് |
| 3. | കെ.എൻ.സുരേന്ദ്രൻ, | -ടി- |

| | | |
|---|---|---|
| | ശ്രീജ ഭവനം | |
| 4. | കുഞ്ഞിപെണ്ണ്, മുരിങ്ങയിൽ | -ടി- |
| 5. | ശ്രീദേവി.എസ്., ചൂളത്തേൽ | -ടി- |
| 6. | ഷീല.ജി,ആതിര ഭവനം | ജാതി സർട്ടിഫിക്കറ്റ് |
| 7. | സരസമ്മ.റ്റി,ആമ്പക്കുടി ലക്ഷംവീട് | ജാതി സർട്ടിഫിക്കറ്റ് |
| 8. | തുളസി,തുളസി ഭവനം | പട്ടികജാതി വികസന ഓഫീസിൽ നിന്ന് ഭവന പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് |

## 3-4 കിണർ നിർമ്മാണം - പ്രോജക്റ്റ് നിർവ്വഹണത്തിൽ അപാകത

പ്രോജക്റ്റ് നമ്പർ : S00 64/16

ചെലവ് - ബിൽ നമ്പർ 3/22.3.16 – 20,000

6/22.3.16 – 20,000

20/31.3.16 – 30,000

24/31.3.16 – 20,000

1. കമലാസനൻ, കമൽ ഭവൻ എന്നായാളുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ കിണർ നിർമ്മാണത്തിന് 12,000 രൂപയാണ് ചെലവായത്. ഈ തുകയുടെ 75% ആയ 9000 രൂപയ്ക്ക് മാത്രമാണ് അർഹതയെന്നിരിക്കെ 10,000 രൂപ സബ്സിഡിയായി നൽകി. ആയതിനാൽ അധികം നൽകിയ 1,000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

2. പ്രോജക്റ്റിലുൾപ്പെടുത്തി കിണർ നിർമ്മാണത്തിന് ധനസഹായം നൽകിയ അരുന്ധതി പിള്ള, കോട്ടപ്പുറത്ത് വീട്, ഗോപാലകൃഷ്ണപിള്ള, കാവുംപുറത്ത് എന്നിവർക്ക് മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ധനസഹായം നൽകിയത്. മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 13 തീയതി - 17.12.16 നൽകിയെങ്കിലും അവ ലഭ്യമാക്കാത്തതിനാൽ ഇവർക്കായി ചെലവഴിച്ച 20,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പട്ടികജാതി കുട്ടികൾക്ക് പഠനോപകരണ വിതരണം - പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ : S0101/16

ചെലവ് - ബിൽ നമ്പർ :33/31.3.16 – 92000/-

പ്രോജക്റ്റിലുൾപ്പെടുത്തി 23 വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇവർക്കാർക്കും പട്ടികജാതി വികസന വകുപ്പിൽ നിന്ന് പഠനോപകരണങ്ങൾ ലഭിച്ചില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് അനുകൂല്യം നൽകിയിരിക്കുന്നത്. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 14തീ. 16.12.16 നൽകിയെങ്കിലും അവ ലഭ്യമാക്കിയില്ല. കൂടാതെ 1).ഗോപുകൃഷ്ണ ബിന്ദു ഭവനം, 2).രാഹുൽ, കോട്ടൂർ തെക്കതിൽ, 3).നിരഞ്ജന രവിഭവനം, 4).ദീപ, ദീപാലയം എന്നീ ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്റ്റിനായി ചെലവഴിച്ച 92000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ - വസ്തു വാങ്ങിയതിന്റെ രേഖ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്നതിനു വേണ്ടിയുള്ള S0102/16 നമ്പർ പ്രോജക്റ്റിലുൾപ്പെടുത്തി ലീല, നരിത്തറകണ്ടത്തിൽ, മുതുകുളം വടക്ക് എന്നയാൾക്ക് വസ്തു വാങ്ങുന്നതിനായി 1,50,000 രൂപ ബിൽ നമ്പർ 1/16.6.15

പ്രകാരം പിൻവലിച്ച് നൽകിയെങ്കിലും വസ്തു വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 11/17.12.16 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. ആയതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 1,50,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 മരാമത്ത് പ്രവൃത്തികളിലെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ - കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി പിഴ ഈടാക്കിയില്ല.

01.02.2012 മുതൽ പ്രാബല്യത്തിലുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112, 2112-1 എന്നിവകളിൽ മരാമത്ത് പ്രവൃത്തികളുടെ കാലാവധി ദീർഘീകരണത്തിന് അനുശാസിക്കേണ്ട വ്യവസ്ഥകൾ വിശദീകരിച്ചിട്ടുണ്ട്. ഇതിൽ സെക്ഷൻ 2112 ൽ കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനെപ്പറ്റിയും 2112-1ൽ കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ കരാറുകാരനിൽനിന്നും ഈടാക്കേണ്ട പിഴയെപ്പറ്റിയുമാണ് പ്രതിപാദിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം നിർവ്വഹിക്കപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളും കരാർ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ലായെന്ന് ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. പ്രവൃത്തികളുടെ പൂർത്തീകരണം കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാഞ്ഞത് നിർവ്വഹണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലമോ എസ്റ്റിമേറ്റിലോ മറ്റുമുണ്ടായ മാറ്റങ്ങൾമൂലമോ അല്ല സംഭവിച്ചിട്ടുള്ളതെന്നും ഫയലിൽ നിന്നും വ്യക്തമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി നിശ്ചിത ശതമാനം പിഴ, സെക്ഷൻ 2116-1 ലെ വ്യവസ്ഥ അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാഞ്ഞതിന് കരാർ തുകയുടെ 0.1% ഓരോ ആഴ്ചയും ലിക്വിഡേറ്റഡ് ഡാമേജായും കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതുണ്ട്. ഇതനുസരിച്ച് കരാറുകാരനിൽ നിന്നും ഈടാക്കേണ്ട പിഴ താഴെപ്പറയും പ്രകാരമാണ് കണക്കാക്കേണ്ടത്.

ദീർഘീകരണ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%(പരമാവധി അനുവദിക്കാവുന്നത് 50%)

ആദ്യതവണ ദീർഘീകരണത്തിന് PAC യുടെ 1%

ആദ്യതവണക്കുശേഷം PAC യുടെ 2%

എന്നാൽ ഗ്രാമപഞ്ചായത്തിൽ നിർവ്വഹിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളിൽ, കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കാത്തവകളിൽ നിന്നും മുകളിൽ പരാമർശിച്ച രീതിയിൽ പിഴ ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി, കരാർനം, കരാറുകാരൻ, എം.ബുക്ക് നം, പി.എ.സി. | കരാർ/കരാർ രജിസ്റ്റർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ &ചെലവു വിവരം | കുറവ് |
|---|---|---|---|---|---|
| തോട്ടപ്പുശ്ശേരി - വീട്ടിൽ കാവ് റോഡ് ടാറിംഗ്. 22/AE/MGP/ 15-16/26.5.15 ഗോപാലകൃഷ്ണൻ. 147/15-16. 4,00,000.രൂ. | 4 മാസം. 25-9-15. | 23-3-16. | 3%-12,000.രൂ Liquidated damage.- 1.5% = 6,000.രൂ | ഈടാക്കിയില്ല. 45/31.03.16 - 3,96,035 - | 18,000.രൂ. |
| പോച്ചയിൽ മുക്ക്- പുഴക്കത്തോട് മെറ്റലിംഗ്, ടാറിംഗ്. | 4 മാസം. 21-9-15. | 6-01-16. | 3%-12,000.രൂ Liquidated damage = 0.5% | ഈടാക്കിയില്ല. 21/28.01.16 - 3,93,431 | 14000.രൂ. |

| | | | | | |
|---|---|---|---|---|---|
| 1/22.5.15<br>സുകുമാരൻ<br>79/2015-16.<br>4,00,000.രൂ. | | | = 2,000.രൂ | | |
| പഞ്ചേരത്ത് -<br>മണിഭവനം റോഡ്<br>6/22.5.15.<br>രതീഷ്.<br>131/2015-16.<br>2,90,000.രൂ. | 4 മാസം.<br>21-9-15. | 30.01.16. | 3%-8,700.രൂ.<br>Liquidated damage-0.8%<br>= 2320. | ഈടാക്കിയില്ല.<br>25/25.02.16<br>- 287,627 | 11,020.രൂ. |
| കാടാമ്പള്ളി കോളനി റോഡ് റീ ടാറിംഗ്.<br>4/22.5.15.<br>സുകുമാരൻ<br>136/2015-16.<br>140/2015-16.<br>3,00,000. | 4 മാസം.<br>21-9-15. | 05.03.16 | 3%-9,000.രൂ.<br>Liquidated damage-1.3.%<br>=3,900.രൂ. | ഈടാക്കിയില്ല.<br>37/29.03.16<br>- 290,465 | 12,900.രൂ. |
| ആകെ | | | | | 55,920.രൂ. |

ഈ തുക, ആവശ്യമായ പരിശോധന നടത്താതെ ബില്ല് തയ്യാറാക്കി കരാറുകാർക്ക് തുക നൽകിയ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി.സരിത ഭാർഗ്ഗവനിൽനിന്നും ഈടാക്കേണ്ടതാണ്. (3.10.2015 ൽ കരാർവെച്ച് പ്രവൃത്തി ആരംഭിച്ച ബാലവാടി - വരിക്കോലിൽ വടക്കതിൽ റോഡ് മെറ്റലിംഗ് എന്ന പ്രവൃത്തി കരാർ കാലയളവിന് മുമ്പേതന്നെ അതായത് 11.11.2015 ൽ പൂർത്തീകരിച്ചിട്ടുണ്ട്(അളവു പുസ്തകം നം.145, പേജ് നം.15 കാണുക).

## 3-8 ഗ്രാവൽ ഫില്ലിംഗ് - പവർ റോളർ ഉപയോഗിക്കാതെ പവർ റോളറിന്റെ തുക നൽകി

DSR സ്പെസിഫിക്കേഷനിലെ ഐറ്റം നം. 2.3.1ന് അനുസൃതമായി നിരീക്ഷണ ഡേറ്റാ തയ്യാറാക്കിയാണ് ഗ്രാവൽ ഫില്ലിംഗിനുള്ള നിരക്ക് മുതുകളും ഗ്രാമപഞ്ചായത്തിൽ കണക്കാക്കിയിട്ടുള്ളത്. ഈ സ്പെസിഫിക്കേഷനിൽ 8 മുതൽ 10 വരെ ടൺ ഭാരമുള്ള പവർ റോളർ ഉപയോഗിച്ചുള്ള കൺസോളിഡേഷൻ നടത്തേണ്ടതാണന്നാണ് വ്യവസ്ഥ. ഇതിനുള്ള നിരക്കും ഈ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്രയും ഭാരമുള്ള റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ നടത്തുമ്പോൾ കൺസോളിഡേഷൻ ഇനത്തിൽ കുറവുവരുത്തേണ്ടത് ആകെ ഉപയോഗിച്ച ഗ്രാവലിന്റെ 5% മാത്രമാണ്. എന്നാൽ ഈ ഇനം ഉൾപ്പെടുത്തിയിട്ടുള്ള പല പ്രവൃത്തികളുടെയും അളവുപുസ്തകം പരിശോധിച്ചതിൽ കൺസോളിഡേഷനായി കുറവുവരുത്തിയിരിക്കുന്നത് ആകെ ഉപയോഗിച്ച ഗ്രാവലിന്റെ 20% ആണ്. ഇതിൽ നിന്നും ഇവിടെ പവർ റോളർ ഉപയോഗിച്ചോ മറ്റ് രീതിയിലോ യാതൊരുവിധ കൺസോളിഡേഷനും നടത്തിയിട്ടില്ലയെന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ ഡി.എസ്സ്.ആർ ഐറ്റം 2 – 4, 2 – 5 എന്നിവകളിൽ പ്രതിപാദിക്കുന്ന രീതിയിൽ താഴെപ്പറയുന്ന തുകകൾ കുറവുവരുത്തി വേണം കരാറുകാർക്ക് തുക നൽകേണ്ടിയിരുന്നത്.

2 – 4 Deduct for not rolling power roller : രൂപ. 3/$m^3$

2 – 5 Deduct for not watering the excavated earth for watering : രൂപ.16.85/$m^3$

(*)ഡി.എസ്സ്.ആർ 20-14 ഐറ്റം നം 2-4, 2-5 എന്നിവകൾ പ്രകാരം കുറവുവരുത്തേണ്ട ആകെ തുക = 19.85.രൂ.

( + ) കോസ്റ്റ് ഇൻഡെക്സ് = 19.85 x 1.457 = 28.92രൂ.

എന്നാൽ ഈ കുറവുകൾ വരുത്താതെയാണ് കരാറുകാർക്ക് തുക നൽകിയിരിക്കുന്നത്.

| പ്രവർത്തിയുടെ പേര്, ഉപയോഗിച്ച ഗ്രാവലിന്റെ അളവ്, അളവു പുസ്തകത്തിന്റെ വിവരം. | കൺസോളിഡേഷനായി കുറവുവരുത്തിയത്.വില കൊടുത്ത ഗ്രാവലിന്റെ അളവ്. | ഐറ്റം നം 2 -4,2 -5 എന്നിവകൾ പ്രകാരം കുറവുവരുത്തേണ്ട തുക | കരാറുകാരന് തുക കൊടുത്തതിന്റെ വിവരം. (ബിൽ നം, തുക) |
|---|---|---|---|
| കൊച്ചുതറമുക്ക് - പഴുതറ മുക്ക് റോഡ് മെറ്റലിംഗ്. 62.03 $m^3$ നം:148 പേജ്-4 | 12.41$m^3$. 49.60$m^3$ പേജ്-10 | 28.92/$m^3$ 28.92 x 49.60. =1434.43 .രൂ. | ബിൽ നം : 2/23.9.15. 268245 |
| ഗുരുമന്ദിരം -ആലക്കോട് റോഡ്. 35.63.$m^3$ നം.142.പേജ്-3 | 7.13$m^3$ 28.50$m^3$. നം.150. പേജ് -2. | 28.92 x 28.50. = 824.22.രൂ. | ബിൽ നം : 39/29.3.16. 543925 |
| മായിക്കൽ-KAM റോഡ് ഗ്രാവലിംഗ്. 138.98.$m^3$ നം.78. പേജ് -4 | 27.80$m^3$ 111.18$m^3$ പേജ് -10. | 28.92 x 111.18. = 3215.33.രൂ. | ബിൽ നം : 3/30.9.15. 196,955 |
| ഞെരിയാംപള്ളി -പുഴിക്കാട് റോഡ് ഗ്രവലിംഗ്. 100.47$m^3$ നം.143പേജ്-5. | 20.10$m^3$. 80$m^3$. പേജ് - 12. | 28.92 x 80. = 2314.രൂ. | ബിൽ നം -5/30.10.15. 322,808 |
| കോട്ടാച്ചിറ-നമ്പാലത്ത് റോഡ് ഗ്രവലിംഗ്. 39.693$m^3$. നം.77.പേജ്- 8 | കുറവുവരുത്തിയില്ല. (**) 32.50m3.പേജ് - 11. | 28.92x32.50 = 940.രൂ. | ബിൽ നം 7/12.11.15. 90,761 |
| ഇലഞ്ഞിക്കൽ-കോട്ടാച്ചിറ റോഡ് 125.44.$m^3$ നം.76.പേജ്-10. | 25.088$m^3$. 100.30$m^3$ പേജ് - 18. | 28.92.x 100.30 = 2,901.രൂ. (*) | ബിൽ നം 8/12.11.15. 399,778 |

| | | | |
|---|---|---|---|
| ബാലവാടി - വരിക്കോലിൽ വടക്കതിൽ റോഡ്. 263.766m$^3$. നം.145.പേജ്-11. | 52.753m$^3$. 211.013m$^3$. പേജ് - 18. | 28.92x211.013 = 6,102.രൂ. | ബിൽ നം 10/29.12.15. 580,167 |
| മേക്കാട് ജം- സൗമ്യ ജം റോഡ്. 211.065m$^3$. നം.146.പേജ്-10. | 42.213m$^3$. 168.852m$^3$ പേജ് - 17. | 28.92x168.852. = 4,883.20.രൂ. | ബിൽനം.27/24.02.16. 443,287 |
| ചന്ദ്രാലയം- പടിശ്ശേരി റോഡ്. 151.35.m3 നം.139. പേജ് -16 & 17. | 30.27m$^3$. 121.08m$^3$വില കൊടുത്തത് - 120.32.m3.ന് പേജ് - 24. | 28.92x120.32. =3480. രൂ. | ബിൽ നം.46/31.03. 16 -317101. ബിൽ നം.45/31.03. 16 -203,514 |
| കോയിക്കൽ മണിഭവനം റോഡ്. 62.612.m$^3$ നം.148. പേജ്നം.7 & 8 | 12.522m3. 50.08m3 വില കൊടുത്തത് -46.50m$^3$ പേജ് - 13. | 28.92x46.50 =1344.78.രൂ. | ബിൽ നം.48/31.03. 16. 155,347 |
| ആകെ | | 27,439.രൂ. | |

ആവശ്യമായ പരിശോധനകൾ നടത്താതെ തുക ചെലവഴിച്ച അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി.സരിത ഭാർഗ്ഗവൻ പ്രവൃത്തിയുടെ ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സി.എൻജിനീയർ ശ്രീമതി.ഷൈനി.എൻ എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

(**)പ്രവൃത്തിയുടെ അളവുപുസ്തകം നം. 77പേജ്- 6 ൽ നിർവ്വഹണ ഉദ്യോഗസ്ഥനെ പവർ റോളർ ഉപയോഗിക്കാതെയാണ് എർത്ത് ഫില്ലിംഗ് നടത്തിയിട്ടുള്ളതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.(Certified that the earth filling is done without using power roller.)

## 3-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികളുടെ മേറ്റിനെ നിയമിക്കൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

23.05.2012 ലെ തദ്ദേശ സ്വയംഭരണവകുപ്പിന്റെ സർക്കുലർ നം. 23804/ഡി.ഡി.2/2012, ഈ വകുപ്പിന്റെ തന്നെ 02.05.2013 ലെ സർക്കുലർ നം.27565/ഡി.ഡി.2/13 എന്നിവകളിൽ തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റുമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശച്ചിരുന്നു. ഇതിൽ 02.05.2013 ലെ സർക്കുലറിൽ, "മേറ്റുമാരായി തെരഞ്ഞെടുക്കുന്നവർ തൊട്ടുമുൻവർഷം ഒരു വാർഡിൽ നിന്നും ഏറ്റവും കൂടുതൽ തൊഴിൽ ചെയ്ത കുടുംബങ്ങളിൽ നിന്നായിരിക്കണമെന്നും അങ്ങനെ നിയമിക്കുന്നവരെ നിർബന്ധമായും 14 ദിവസം കഴിഞ്ഞ് മാറ്റിയിരിക്കണമെന്നും..." തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശനമായ നിർദ്ദേശം നൽകിയിരുന്നു. അതുപോലെ തന്നെ 23.05.2012 ലെ സർക്കുലറിൽ മേറ്റുമാരെ തെരഞ്ഞെടുക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങളും നിർദ്ദേശിച്ചിരുന്നു. എന്നാൽ മുതുകുളം ഗ്രാമപഞ്ചായത്തിലെ പല വാർഡുകളിലും തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള മേറ്റുമാരെ നിയമിക്കുന്നതിൽ മുകളിൽ പരാമർശിച്ച സർക്കുലറുകളിലെ വ്യവസ്ഥകൾ പാലിക്കുന്നില്ലായെന്ന് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കാണുന്നു. പല വാർഡുകളിലും

ഒരാളെതന്നെ മേറ്റായി സ്ഥിരമായി നിയമിക്കുന്ന പ്രവണതയാണ് അനുവർത്തിച്ചുവരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| വാർഡ് നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തിക്കനുവദിച്ച ദിനങ്ങൾ | മേറ്റായിപ്രവർത്തിച്ച വ്യക്തിയുടെ പേര് |
|---|---|---|---|
| 12 | ഭൂഗർഭ ജലം ഉയർത്തുന്നതിനു വേണ്ടിയുള്ള മഴക്കുഴി നിർമ്മാണം<br>വാർഡ് - 12. | 25 ദിവസങ്ങൾ<br>(16.11.15–31.12.15.) | മായാകുമാരി |
| 12. | ഭൂഗർഭ ജലം ഉയർത്തുന്നതിനു വേണ്ടിയുള്ള മഴക്കുഴി നിർമ്മാണം<br>വാർഡ് - 12. | 23 ദിവസങ്ങൾ<br>(28.7.15-19.10.15) | രമ. |
| 13. | ഭൂഗർഭ ജലം ഉയർത്തുന്നതിനു വേണ്ടിയുള്ള മഴക്കുഴി നിർമ്മാണം<br>വാർഡ് - 13. | 22 ദിവസങ്ങൾ<br>(15.10.15–5.12.15.) | ഷൈലജ മുരളി. |
| 13. | ഭൂഗർഭ ജലം ഉയർത്തുന്നതിനു വേണ്ടിയുള്ള മഴക്കുഴി നിർമ്മാണം<br>വാർഡ് - 13. | 15 ദിവസങ്ങൾ.<br>(28.7.15– 30.9.15.) | ഷൈലജ മുരളി. |
| 12. | ഭൂഗർഭ ജലം ഉയർത്തുന്നതിനു വേണ്ടിയുള്ള മഴക്കുഴി നിർമ്മാണം<br>വാർഡ് - 12. | 20 ദിവസങ്ങൾ.<br>(27.7.15-21.8.15.) | മായാകുമാരി. |

മേൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ ഒരു വ്യക്തിയെത്തന്നെ 14 ദിവസത്തിൽ കൂടുതൽ ദിനങ്ങളിലേക്ക് മേറ്റായി നിയമിക്കുന്നത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. ആയതിനാൽ സർക്കാർ നിർദ്ദേശത്തിനനുസൃതമായി മേറ്റുമാരെ നിയമിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ആയതിനാൽ അസറ്റുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

4-2സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല.

4-5. വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശ്യം | വർഷാരംഭത്തിൽ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | 90100 | 90100 | ഇല്ല |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7. ഓഡിറ്റ് റിക്കവറി

ഇല്ല.

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 32351870 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 37957460 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,23,859 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4,62,000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 39500 | ബീന.ആർ.നായർ വി.ഇ.ഒ. |
| 3-4(1) | | 1000 | ശ്രുതി.എം. വി.ഇ.ഒ. |
| 3-7 | | 55920 | സരിത ഭാർഗ്ഗവൻ, എ.ഇ. |
| 3-8 | | 27439 | 1. സരിത ഭാർഗ്ഗവൻ, എ.ഇ,<br>2. എൻ.ഷൈനി, എ.എക്സ്.ഇ. എന്നിവരിൽ നിന്നും തുല്യമായി ഈടാക്കണം |
| ആകെ | | 123859 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2,00,000 | ശ്രുതി.എം., വി.ഇ.ഒ. |
| 3-4(2) | 20,000 | -ടി- |
| 3-5 | 92,000 | -ടി- |
| 3-6 | 1,50,000 | -ടി- |
| ആകെ | 4,62,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈനി.എൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | അസി.എക്സിക്യൂട്ടീവ് എൻജിനീയർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | വീട്ട് നം. 81, ശങ്കർ നഗർ, കൊല്ലം 69, 691001. |
| ബീന.എം.നായർ | ജി.ഇ.ഒ. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, മുതുകുളം | മുരളിക, മുതുകുളം സൌത്ത് |
| ശ്രുതി.എം | വി.ഇ.ഒ, മുതുകുളം ഗ്രാമപഞ്ചായത്ത് | ശാരദ, പ്രയാർ (നോർത്ത്) പ്രയാർ,ഓച്ചിറ |
| സരിത ഭാർഗ്ഗവൻ | എ.ഇ. മുതുകുളം ഗ്രാമപഞ്ചായത്ത് | മുല്ലക്കൽ വീട്, പട (നോർത്ത്) കരുനാഗപ്പള്ളി |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98മുതൽ 03-04 വരെ | എൽ.എഫ്.ജി.എ.5-1832/11തീയതി,31.1.12 | | |
| 05-06 | എൽ.എഫ്.ജി.എ.13-1174/13 തീയതി, 3.10/6.7.10 | | |
| 06-07 | എൽ.എഫ്.ജി.എ.13-699/10തീയതി,18.12.10/ 31.12.10 | | |
| 07-08 | എൽ.എഫ്.പി.7-607/12, തീയതി, 8.2.12 | | |
| 08-09 | എൽ.എഫ്.പി.4 -820/12, തീയതി, 5.11.12 | | |
| 2009-10 | എൽ.എഫ്.എ-പി4-820/12, തീയതി. 05.11.2012 | | |
| 2010-11 | എൽ.എഫ്.എ-പി4-1403/13, 21.02.2014/ 05.04.2014 | | |
| 2011-12 | | | |
| 2012-13 | | | |
| 2013-14 | കെ.എസ്.എ-എ.എൽ.പി-പി4-202/16, 15.03.2016 | | |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-760/16, 07.07.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി/പി4-1529/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 31.12.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P4-1529/16

Kerala State Audit Department,

District Audit Office, Alappuzha.

Date: 31.12.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Muthukulam Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Muthukulam Gramapanchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha